ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
,പൂജപ്പുര, തിരുവനന്തപുരം-12

# <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം - ജീവനക്കാര്യം – മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർക്ക് പ്രൊമോഷൻ, സ്ഥലംമാറ്റം എന്നിവ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 13.07.2022 തീയതിയിലെ ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്.

<u>ഉത്തരവ് നമ്പർ. E1-3378/2022/PrHQ; തീയതി : 25-07-2022</u>

പരാമർശത്തിലെ ഉത്തരവ് പ്രകാരം ജയിലാസ്ഥാനകാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് (ഹയർഗ്രേഡ്) ശ്രീമതി. മാന്യ എം.സി.യ്ക്ക് സീനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകി തവനൂർ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോമിലെ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമിക്കപ്പെട്ടതിനെ തുടർന്ന്, ജയിലാസ്ഥാനകാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരൊഴിവ് നിലവിൽ വന്നു. സീനിയർ സൂപ്രണ്ട് തസ്തികയിലെ പ്രൊമോഷനെ തുടർന്ന് ജൂനിയർ സൂപ്രണ്ട്/ഹെഡ് ക്ലർക്ക്/സീനിയർ ക്ലർക്ക് എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർക്ക് ചുവടെ ചേർക്കുന്ന പ്രകാരം പ്രൊമോഷൻ/ സ്ഥലംമാറ്റം എന്നിവ നൽകി ഉത്തരവാകുന്നു.

1. ഹെഡ് ക്ലർക്കുമാരിൽ ഏറ്റവും സീനിയറും ജയിൽ ആസ്ഥാനകാര്യാലയത്തിലെ ഹെഡ് ക്ലർക്കുമായ ശ്രീ. ശ്രീകുമാർ എസ്.നെ 43400-91200 ശമ്പള സ്കെയിലിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ പ്രൊമോഷൻ നൽകി, ജയിലാസ്ഥാനകാര്യാലയത്തിലെ പരിശോധനാ വിഭാഗത്തിൽ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. സീനിയർ ക്ലർക്കുമാരിൽ ഏറ്റവും സീനിയറും ചീമേനി തുറന്ന ജയിൽ & കറക്ഷണൽ ഹോമിലെ സീനിയർ ക്ലർക്കുമായ ശ്രീമതി. ദിവ്യ റ്റി. യെ 39300-83000 ശമ്പള സ്കെയിലിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ പ്രൊമോഷൻ നൽകി ജയിലാസ്ഥാനകാര്യാലയത്തിൽ നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. സീനിയർ ക്ലർക്ക് തസ്തികയിലെ ഒരു ഉദ്യോഗസ്ഥയ്ക്ക് ഹെഡ് ക്ലർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ നൽകുന്നതിനെ തുടർന്ന് സീനിയർ ക്ലർക്ക് തസ്തികയിൽ 1 ഒഴിവ് നിലവിൽ വരുന്നതാണ്. ടി ഒഴിവിലേയ്ക്ക് ക്ലർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും പരിഗണിക്കപ്പെടേണ്ട ക്രമ നം. 1, ക്രമ നം. 2 എന്നിവർ പ്രൊമോഷനുവേണ്ട നിശ്ചിത യോഗ്യത നേടിയിട്ടില്ല. ആയതിനാൽ ടി ലിസ്റ്റ് പ്രകാരം അടുത്ത പ്രൊമോഷനുവേണ്ട നിശ്ചിത യോഗ്യത നേടിയത് ക്രമ നം.5 ശ്രീമതി. രേണുകാദേവി എം.ആർ. ആണ്. ടി ഉദ്യോഗസ്ഥയ്ക്ക് സീനിയർ ക്ലർക്ക് തസ്തികയിൽ (35600-75400 ശമ്പള സ്കെയിലിൽ) പ്രൊമോഷൻ നൽകി ഇടുക്കി ജില്ലാ ജയിലിൽ

നിലനിർത്തികൊണ്ട് ഉത്തരവാകുന്നു.

ഉത്തരവ് നടപ്പിലാക്കിയ വിവരം യഥാസമയം അറിയിക്കേണ്ടതും ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ സർവ്വീസ് ബുക്കിൽ വരുത്തേണ്ടതുമാണ്.

വിനോദ് കുമാർ എം കെ
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഓഫ്
പ്രിസൺസ് (HQ)
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്സ വേണ്ടി

സ്വീകർത്താവ്: ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്. (സ്ഥാപനമേധാവി മുഖേന)

പകർപ്പ് : 1. ഡി.ഐ.ജി. ഓഫ് പ്രിസൺസ്
ദക്ഷിണമേഖല/മദ്ധ്യമേഖല/ഉത്തരമേഖല.
2. സൂപ്രണ്ട്
തുറന്ന ജയിൽ & കറക്ഷണൽ ഹോം,
ചീമേനി.
ജില്ലാ ജയിൽ, ഇടുക്കി
3. ജയിൽ ആസ്ഥാനകാര്യാലത്തിലെ എല്ലാ ഓഫീസർമാർക്കും സെക്ഷൻ സൂപ്രണ്ടുമാർക്കും.

എ.1. സീറ്റ്/ഇ4 സീറ്റ്/വെബ്സൈറ്റ്/ ഫയൽ/കരുതൽ ഫയൽ

E1-3378/2022/PrHQ ad24c5